# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4958** **23.03.2018-ൽ** മറുപടിക്ക്

## <u>ഫിലിം ഓപ്പറേറ്റർമാരുടെ യോഗ്യത</u>

**<u>ചോദ്യം</u>**

ശ്രീ. പുരുഷൻ കടലുണ്ടി

**<u>മറുപടി</u>**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സിനിമാ തീയേറ്ററുകളിലും, മാളുകളിലും സിനിമ പ്രദർശിപ്പിക്കുന്നവർക്ക് എന്തെങ്കിലും യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എല്ലാ തീയേറ്ററുകളിലും സിനിമാ മാളുകളിലും ഇവ പാലിച്ചിട്ടാണോ തൊഴിലാളികളെ വച്ചിരിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ ; | (എ) & (ബി) | പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ് വകുപ്പിന് കീഴിലുള്ള സിനിമ ഓപ്പറേറ്റേഴ്സ് പരീക്ഷാ ബോർഡ്, കേരള സിനിമാസ് (റെഗുലേഷൻ) റൂൾ 1988 റൂൾ 50 പ്രകാരം നൽകുന്ന ലൈസൻസ്, കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് എന്നിവയുള്ളവരെ സിനിമാ ഓപ്പറേറ്ററായി നിയമിച്ചാൽ മാത്രമേ സിനിമ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് ആവശ്യമായ D-Certificate അനുവദിക്കുകയുള്ളൂ. സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തീയേറ്ററുകളിൽ സിനിമ പ്രദർശിപ്പിക്കുന്നവർക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ട്. 7-ാം ക്ലാസ്സ് (new), സംസ്ഥാന സർക്കാരിന്റെ ലൈസൻസിംഗ് ബോർഡ് നൽകുന്ന സിനിമാ ഓപ്പറേറ്റേഴ്സ് ലൈസൻസ്, 35mm പ്രൊജക്ഷൻ സ്വതന്ത്രമായി പ്രവർത്തിപ്പിച്ചിട്ടുള്ള ഒരു വർഷത്തെ പ്രവർത്തി പരിചയം എന്നിവയാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിന്റെ കോഴ്സ് കഴിഞ്ഞ, ഫിലിം ഓപ്പറേറ്റർമാരെ മാളുകളിലും, സിനിമാ തീയേറ്ററുകളിലും ഫിലിം ഓപ്പറേറ്റർമാരായി നിയമിക്കാൻ സർക്കാർ നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | | |
| (സി) | നേരത്തെ ഫിലിം ഓപ്പറേറ്റർമാരായി ജോലി ചെയ്തവരും, ഇപ്പോൾ ജോലി നഷ്ടപ്പെട്ടവരുമായവർക്ക് ജോലി ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാവുമോ ? | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sindhu

**സെക്ഷൻ ഓഫീസർ**